"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/3217/2017

കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം, തീയതി. 12.06.2018

**<u>സർക്കുലർ നം.- 3/2018</u>**

വിഷയം:- ക്ഷീരകർഷക ക്ഷേമനിധി - ക്ഷീരകർഷക പെൻഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന നാമനിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നിർദ്ദേശം.

ക്ഷീരകർഷക പെൻഷൻ അപേക്ഷയോടൊപ്പം ക്ഷീരകർഷകർ അനന്തരവകാശിയെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ നോമിനേഷനും സമർപ്പിക്കാറുണ്ട്. എന്നാൽ പല സന്ദർഭങ്ങളിലും സാധുവായ പെൻഷൻ അപേക്ഷകൾ തെറ്റായ നോമിനേഷൻ സമർപ്പിക്കുന്നത് കാരണം സ്വീകരിക്കുവാൻ സാധിക്കാതെ വരുന്നുണ്ട്.

ക്ഷീരകർഷക ക്ഷേമനിധിയുടെ 71-ാം ബോർഡ് യോഗം ഈ വിഷയം വിശദമായി പരിഗണിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്.

1) പെൻഷൻ അപേക്ഷയോടൊപ്പം നോമിനേഷൻ സമർപ്പിക്കുന്നത് നിർബന്ധമാക്കേണ്ടതില്ല.
2) സമർപ്പിച്ചിരിക്കുന്ന നോമിനേഷനിൽ ന്യൂനതയുള്ള പക്ഷം ആയത് ഒഴിവാക്കികൊണ്ട് പെൻഷൻ അപേക്ഷ സ്വീകരിക്കേണ്ടതാണ്.
3) നോമിനേഷൻ സമർപ്പിക്കാത്തവർക്കും, നിലവിൽ സമർപ്പിച്ചിരിക്കുന്നത് മാറ്റം വരുത്തുവാൻ താൽപര്യമുള്ളവർക്കും ആയതിനുള്ള സൗകര്യം നൽകണം.

മേൽ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്കൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) സാധുവായ പെൻഷൻ അപേക്ഷയോടൊപ്പം തെറ്റായ നോമിനേഷൻ സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി പെൻഷൻ അപേക്ഷകൾ പരിശോധനയിൽ നിരസിക്കാതെ ക്ഷേമനിധിയിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. ക്ഷേമനിധി ഓഫീസിലെ പരിശോധനയിൽ അത്തരം അപേക്ഷകളിലെ നോമിനേഷൻ ഭാഗം ഒഴിവാക്കിക്കൊണ്ട് അംഗീകരിക്കേണ്ടതാണ്.

മറുപുറം . . . . .

2) നിലവിൽ ക്ഷീരകർഷക പെൻഷണർമാർ നൽകിയിരിക്കുന്ന നോമിനേഷന്റെ വിവരങ്ങൾ കർഷകന്റെ പ്രൊഫൈൽ പേജിലും, പെൻഷൻ വ്യൂ പേജിലും ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നോമിനേഷൻ സമർപ്പിച്ചിട്ടില്ലാത്തവർ എത്രയും വേഗം ആയത് സമർപ്പിക്കേണ്ടതാണ്.

3) നിലവിൽ നൽകിയിരിക്കുന്ന നോമിനേഷനിൽ മാറ്റം വരുത്തുവാൻ താൽപര്യമുള്ള ക്ഷീരകർഷകർക്ക് തങ്ങളുടെ പ്രൊഫൈൽ പേജിൽ നിന്നും ആയതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷ ബ്ലോക്ക് ക്ഷീരവികസന ഓഫീസറും ക്ഷേമനിധിയും അംഗീകരിക്കുന്നപക്ഷം നോമിനേഷൻ അപ്ഡേറ്റ് ചെയ്യുന്നതായിരിക്കും.

4) അംഗത്വ അപേക്ഷയോടൊപ്പം ജനനത്തീയതിയും നോമിനേഷൻ രേഖകളും സമർപ്പിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

OFFICE OF THE EXECUTIVE OFFICER KERALA DAIRY FARMERS WELFARE FUND Thiruvananthapuram Date:..................

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്)
5) എല്ലാ ക്ഷീരജാലകം പ്രമോട്ടർമാർക്കും